(സി) ട്രോളിംഗ് നിരോധനകാലത്തും അവ ഈ സോണിനകത്ത് മത്സ്യ ബന്ധനം നടത്തുമോ;

(ഡി) നമ്മുടെ ഇക്കണോമിക് സോണിനകത്ത് വിദേശ മത്സ്യബന്ധന ട്രോളറുകൾ നടത്തുന്ന മത്സ്യബന്ധനം നമ്മുടെ മത്സ്യത്തൊഴിലാളികളെ ഏതുവിധം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 200 നോട്ടിക്കൽ മൈൽ ദൂരം വരെ.

(ബി) എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലുള്ള പ്രദേശമാണ്. വിദേശ മത്സ്യബന്ധന ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നത് കോസ്റ്റ് ഗാർഡിന്റെ ചുമതലയിൽപ്പെട്ട കാര്യമാണ്.

(സി) ഇല്ല.

(ഡി) വിദേശ മത്സ്യബന്ധന ട്രോളറുകൾ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ നടത്തുന്ന മത്സ്യ ബന്ധനം മത്സ്യസമ്പത്തിന് സാരമായി ദോഷം വരുത്തുന്നുണ്ട്.

തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ തീരസംരക്ഷണത്തിനായി കണ്ടൽകാടുകൾ

96 [1899] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ തീരസംരക്ഷണത്തിനായി കണ്ടൽ കാടുകൾ വെച്ചുപിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ തീരസംരക്ഷണത്തിന് കണ്ടൽ കാടുകൾ വെച്ചുപിടിപ്പിക്കുന്നത് ഗുണകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സഹായത്താൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനം നടത്താൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) മത്സ്യവകുപ്പിന്റെ കീഴിലുള്ള 'ഫിർമ' കേന്ദ്ര പരിസ്ഥിതി വകുപ്പിന് ഒരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ആറാട്ടുപുഴ ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടം

97 [1900] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ട് എത്രനാളായിട്ടുണ്ട്;

(ബി) ആശുപത്രിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് എന്നത്തേക്ക് മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിലും വൈദ്യുതീകരണവും ജല വിതരണവും സംബന്ധിച്ച പണി പൂർത്തിയായിട്ടില്ല.

(ബി) വൈദ്യുതീകരണം, ജലവിതരണം എന്നിവയുടെ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയുന്നതാണ്.

ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ

98 [1901] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച ഫണ്ട് എത്രവീതമാണ്;

(സി) പെരിങ്ങളം മണ്ഡലത്തിൽ നിർമ്മിക്കേണ്ട ഫിഷറീസ് റോഡുകളെ സംബന്ധിച്ച് സ്ഥലം എം.എൽ.എ. ഫിഷറീസ് ഡയറക്ടർക്ക് നൽകിയ 30-1-2003-ലെ എൽ1/791/03 എൽ.ഡിസ്. നമ്പരിലുള്ള നിവേദനത്തിന്മേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

എറണാകുളം ജില്ല—4

തൃശ്ശൂർ ജില്ല—1

LIBRARY ARCHIVES Kerala Legislative Assembly